LIBRARY ARCHIVES Kerala Legislative Assembly

ഫെയർവാല്യൂവിന്റെ 20 ശതമാനവും ഫീസ് ഈടാക്കി തരംമാറ്റം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് 21-4-2021-ലെ SRO 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ടി ഉത്തരവിൻമേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി 1-7-2021-ൽ ചേർന്ന യോഗതീരുമാന പ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾക്കും സ്പഷ്ടീകരണം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കാതെ സംസ്ഥാനത്തെ ആർ. ഡി. ഒ. -മാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ആർ.ഡി.ഒ.-മാർ മേൽ ഉത്തരവിന്മേൽ സർക്കാരിൽനിന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

(സി&ഡി) ഇല്ല. പ്രസ്തുത ഉത്തരവിന്മേൽ റവന്യൂ ഡിവിഷണൽ ആഫീസർമാർ വ്യക്തതയ്ക്കായി സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി 1-7-2021-ന് ചേർന്ന യോഗ തീരുമാനപ്രകാരം ആവശ്യമായ തുടർനടപടി സ്വീകരി ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും ബന്ധപ്പെട്ട മറ്റുവകുപ്പുകൾക്കും സ്പഷ്ടീകരണം നല്കിയിട്ടുള്ളതുമാണ്.

സമഗ്ര കുടിവെള്ള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുപ്പ്

306 (916) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം-പുളിമാത്ത്-നഗരൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി പൊന്നുംവിലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം, പുളിമാത്ത്, നഗരൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്നതിനുവേണ്ടി വാമനാപുരം വില്ലേജിലെ സർവ്വേ നമ്പർ 853/2-ൽപ്പെട്ട 25 സെന്റ് സ്ഥലവും ഉപരിതല ജല സംഭരണിയുടെ നിർമ്മാണത്തിനായി നഗരൂർ വില്ലേജിലെ വണ്ടിത്തടത്തുനിന്നും സർവ്വേ നമ്പർ 10/13-ൽപ്പെട്ട 15 സെന്റ് സ്ഥലവും പൊന്നുംവിലയ്ക്കെടുക്കുന്നതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നതും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22-1-2021-ലെ 268 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത സ്കെച്ച് പരിശോധനയ്ക്കും അംഗീകാരത്തിനുമായി ജില്ലാ സർവ്വേ വിഭാഗത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സ്കെച്ചിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും തുടർന്ന് സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(സി) വക്കം വില്ലേജിലെ പുതിയ വില്ലേജ് ഓഫീസ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

വക്കം വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. വക്കം വില്ലേജ് ഓഫീസ് നിർമ്മാണം സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി ആഗസ്റ്റ് മാസം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

307(917) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് നവീകരണം, ശ്രീകാര്യം മേൽപ്പാലം നിർമ്മാണം, മണ്ണന്തല-പൗഡിക്കോണം മാതൃകാറോഡ്, സൊസൈറ്റി ജംഗ്ഷൻ-ശ്രീകാര്യം മാതൃകാറോഡ്, ആറ്റിപ്ര പാലം നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണം :

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 1.6467 ഹെക്ടർ സ്ഥലം പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണത്തിനായി ഏറ്റെടുക്കുന്നതിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള